ലക്കം 41

# ഗോസ്പൽ ട്രൂത്ത്

**അഖിലലോക സുവിശേഷ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുവാനുതകുന്ന വേദപുസ്തക സത്യങ്ങൾ**

For Private Circulation only

## 10–ാം വാർഷിക പതിപ്പ്

## മാറ്റമില്ലാത്ത സത്യം

ഗോസ്പൽ ട്രൂത്ത് പ്രസിദ്ധീകരണം പത്തു വർഷമായി പ്രസിദ്ധീകരിക്കുകയും വിതരണം ചെയ്തു വരുകയും ചെയ്യുന്നു. 2012 ജൂലൈയിലാണ് ആദ്യ ലക്കം അച്ചടിച്ചത്. കഴിഞ്ഞ ദശകത്തിൽ സമൂഹത്തിൽ നിരവധി പ്രധാന സംഭവങ്ങളും മാറ്റങ്ങളും ഉണ്ടായിട്ടുണ്ട്. പലതവണ ചുഴലിക്കാറ്റുകൾ, ഭൂകമ്പങ്ങൾ, സുനാമികൾ എന്നിവ ലോകമെമ്പാടുമുള്ള രാജ്യങ്ങളിൽ കോടിക്കണക്കിന് ഡോളർ ചെലവാക്കുകയും, നിരവധി മരണങ്ങൾക്ക് കാരണമാകുകയും ചെയ്തിട്ടുണ്ട്. വിവിധ സ്ഥലങ്ങളിൽ പട്ടിണി ബാധിച്ചു. ആളുകൾ പട്ടിണി മൂലം മരിക്കുന്നു. കോവിഡ് മഹാവ്യാധി ജീവിതത്തെ സമൂലമായി മാറ്റി, ആറു ദശലക്ഷത്തിലധികം മരണങ്ങളുമുണ്ടായി.




ധാർമ്മികത പെട്ടെന്ന് കുറഞ്ഞു. മാധ്യമങ്ങളിലും, സ്കൂളുകളിലും, പൊതുസമൂഹത്തിലും LGBT യുടെ അജണ്ട വ്യാപകമായ സ്വീകാര്യതയും പ്രചാരണവും ഇത് ഭാഗികമായി തെളിയിക്കുന്നു. പല മാറ്റങ്ങളും ഉണ്ടായിട്ട് കാര്യങ്ങൾ മങ്ങിയതായി തോന്നാം. നാണ്യപ്പെരുപ്പം കുതിച്ചുയരുന്നു. പലിശ നിരക്കു വർദ്ധിക്കുന്നു, ഇന്ധന വില റോക്കറ്റുപോലെ കുതിക്കുന്നു.

ദൈവവും അവന്റെ വചനവും മാറിയിട്ടില്ല എന്നതാണ് നല്ലതും പ്രശംസനീയവുമായ വാർത്ത. "യഹോവയായ ഞാൻ മാറാത്തവൻ" (മലാഖി 3:6) നമുക്ക് ചുറ്റുമുള്ള കാര്യങ്ങൾ എങ്ങനെയെല്ലാം മാറിയാലും സാരമില്ല, ദൈവം മാറാത്തവനാണ്. ഈ പത്തു വർഷത്തെ പ്രസിദ്ധീകരണത്തിന്റെ നാഴികക്കല്ലിലെത്താൻ ഗോസ്പൽ ട്രൂത്തിനു കഴിഞ്ഞത് വലിയ അനുഗ്രഹമാണ്. ഗോസ്പൽ ട്രൂത്ത് പ്രസിദ്ധീകരിക്കുകയും പങ്കുവയ്ക്കുകയും ചെയ്ത ദൈവവചനം കഴിഞ്ഞ പത്തു വർഷത്തിലും മാറിയിട്ടില്ല. "പുല്ലുണങ്ങി, പൂ വാടി, നമ്മുടെ ദൈവത്തിന്റെ വചനമോ ഏന്നേയ്ക്കും നിലനിൽക്കും" (യെശയ്യാവ് 40:8)

ഗവൺമെന്റുകൾ മാറി, ഭരണങ്ങൾ വന്നു പോയി, മനുഷ്യരുടെ തത്വശാസ്ത്രങ്ങളും ആശയങ്ങളും ഉയർന്നു വരികയും വീഴുകയും ചെയ്തു, പക്ഷേ സത്യം സ്ഥിരമായി നിലകൊള്ളുന്നു. "ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു" എന്ന് യേശു പറഞ്ഞ (യോഹന്നാൻ 14:6).
സ്വർഗ്ഗത്തിലെത്താനുള്ള ഏക മാർഗ്ഗം യേശു ആണ്. ആ വഴി ഇപ്പോഴും വ്യക്തമായ പാതയായി തുടരുന്നു. എല്ലാ ദൈവമക്കൾക്കും ദൈവത്തിനായി ജീവിക്കുവാൻ ആഗ്രഹിക്കുന്ന ഓരോ ആത്മാവിനും അവരുടെ ഭാവി ശോഭനമാണ്. യേശുവിന്റെ രക്തത്തിന്റെ ഫലപ്രാപ്തി തെല്ലും നഷ്ടപ്പെടുത്താത്ത സത്യം പാപത്താൽ ബന്ധിക്കപ്പെട്ട ആത്മാക്കൾക്ക് ഇപ്പോഴും സ്വാതന്ത്ര്യം നൽകുന്നു. വിശുദ്ധ ജീവിതം നയിക്കുവാൻ കൃപയും, പാപത്തിന്റെ ശക്തിയെ മറികടക്കുവാനുള്ള കൃപയുടെ ശക്തിയും ഇപ്പോഴുമുള്ളതിനാൽ ദൈവത്തിന് സ്തോത്രം. ലോകത്തിൽ വളരെയധികം അശാന്തിയും, പ്രക്ഷുപ്തതയും ഉണ്ടെങ്കിലും "നിങ്ങൾക്ക് എന്നിൽ സമാധാനം ഉണ്ടാകേണ്ടതിന് ഇതു നിങ്ങളോട് സംസാരിച്ചിരിക്കുന്നു. ലോകത്തിൽ നിങ്ങൾക്ക് കഷ്ടം ഉണ്ട്. എങ്കിലും ധൈര്യപ്പെടുവിൻ ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു". എന്ന നമ്മുടെ കർത്താവിന്റെ വാക്കുകൾ ഓർക്കുക (യോഹന്നാ ൻ 16:33). "നിങ്ങളുടെ ഹൃദയം കലങ്ങരുത് ഭ്രമിക്കുകയുമരുത് " (യോഹന്നാൻ 14:27). ലോകത്തിന്റെ മാറ്റങ്ങളും സമ്മർദ്ദങ്ങളും ഗണ്യമാക്കാതെ ഗോസ്പൽ ട്രൂത്ത് പ്രസിദ്ധീകരണങ്ങൾ മാറാതെ നിലനിൽക്കുന്നു - മാറ്റമില്ലാത്ത ദൈവവചനത്തിന്റെ പ്രസിദ്ധീകരണത്തിന്.



**"ഗോസ്പൽ ട്രൂത്ത് പ്രസിദ്ധീകരിക്കുകയും പങ്കുവയ്ക്കുകയും ചെയ്ത ദൈവവചനം കഴിഞ്ഞ പത്തു വർഷത്തിലും മാറിയിട്ടില്ല".**


വെബ്സൈറ്റും, ആപ്പിനെക്കുറിച്ചുള്ള നിർദ്ദേശവും 2

പത്രാധിപലേഖനം 3

ഓരോ ലക്കങ്ങളിലേയും വിഷയ സൂചിക 4

ഗോസ്പൽ ട്രൂത്ത് സ്റ്റാഫുകൾ 5

ചിത്ര സഞ്ചയം 6

ഹൃദ്യമായ നിർദ്ദേശങ്ങൾ 7

നിങ്ങൾക്കറിയാമോ? ഭൂതകാലത്തിൽ നിന്നുള്ള ഉദ്ധരണികൾ 8

# ബൈബിൾ

## എന്തു പഠിപ്പിക്കുന്നു.

**ദൈവവചനം**
2 തിമൊ. 3: 16-17, 2 പത്രൊ. 1: 20, 21,
മത്തായി 24: 35

**സ്നേഹബന്ധം**
മത്തായി 22: 37-40, യോഹ. 14: 21-23,
1 യോഹ. 4: 7-11

**മാനസാന്തരം**
അപ്പൊ. 3: 19, 17: 30, 2 കൊരി. 7:10

**പുതുജനനം**
യോഹ. 3: 3-7, 2 കൊരി. 5: 17,
റോമർ 6 : 1-4, എഫെ. 2: 1, 5-6).

**പാപത്തിൽ നിന്നും സ്വാതന്ത്ര്യം**
1 യോഹ. 5: 18, മത്തായി 1: 21,
യോഹ. 8: 11

**പരിശുദ്ധാത്മ നിറവ്**
അപ്പൊ. 19: 2, 15: 8-9, 1: 8).

**വിശുദ്ധി**
ലൂക്കോ. 1:73-75, എബ്രാ. 12:14,
1 പത്രൊ. 1: 15-16, തീത്തോ. 2: 11, 12, റോമ. 6: 22

**ദൈവരാജ്യം**
ലൂക്കോ. 17 : 20-21, റോമ. 14: 17, യോഹ. 18: 36

**സഭ**
അപ്പൊ. 2: 4-7, എഫെ. 4: 4-6,
1 കൊരി. 12: 12,13, കൊലൊ. 1: 18

**ഐക്യത**
യോഹ. 17: 20-23, ഗലാ. 3: 28,
വെളി. 18: 2-4

**ചട്ടങ്ങൾ**
മത്താ. 28: 19-20, 26: 26-30, 1 കൊരി. 11: 23-27,
യോഹ. 13: 14-17

**ദൈവീക രോഗശാന്തി**
ലൂക്കോ. 4: 18, യെശയ്യ. 53: 4-5,
യാക്കോബ് 5: 13-16

**വിവാഹശുശ്രൂഷ**
മത്താ. 19: 5-6, ലൂക്കോ. 16: 18,
റോമർ 7: 2-3, 1 കൊരി. 7: 10-11

**ബാഹ്യപ്രകടനം**
1 തിമൊ. 2: 9-10, 1 കൊരി. 11: 14-15,
ആവർത്തനം 22: 5

**അന്ത്യകാലം**
2 പത്രൊ. 3: 7-12, യോഹ. 5: 28-29,
2 കൊരി. 5: 10, മത്താ. 25: 31-46

**സാമാധാനവാദം:**
ലൂക്കോസ് 6: 27-29, ലൂക്കോസ് 18: 20

**ആരാധന**
യോഹ. 4: 23-24, എഫെ. 5: 19, 2 കൊരി. 3: 17

**അന്ത്യകല്പന**
മർക്കൊസ് 16: 15

## വെബ്സൈറ്റ് സന്ദർശിക്കുക
**www.thegospeltruth.org**




ഇംഗ്ലീഷ്, സ്പാനിഷ്, ജർമ്മൻ, സ്വാഹിലി. ചിച്ചേവ, തമിഴ്, മലയാളം എന്നീ ഏഴു ഭാഷകളിൽ ഗോസ്പൽ ട്രൂത്തിന്റെ ലക്കങ്ങളും “ഗോസ്പൽ ട്രൂത്ത് വെബ്സൈറ്റിൽ” ലഭ്യമാണ്.

മുൻലക്കങ്ങൾ ഉപദേശപരമായ വിവിധ വിഷയങ്ങൾ ഉൾക്കൊള്ളുന്നു. അവ വ്യക്തിഗതവും കൂട്ടായതുമായ പഠനസഹായികളായും, വിദ്യാർഥികൾക്കുള്ള ബൈബിൾ പാഠ്യപദ്ധതിയായും, ബൈബിൾ ഉപദേശങ്ങളെക്കുറിച്ചുള്ള പൊതുവായ റഫറൻസായും ഉപയോഗിക്കുന്നു.

നിങ്ങൾ ഗോസ്പൽ ട്രൂത്ത് PDF ഫയൽ തുറക്കുമ്പോൾ ctrl+F ഫീച്ചർ ഉപയോഗിച്ച് നിങ്ങൾക്കു അതു തിരയാനാകും. ഓരോ ലേഖനവും ഒരു ബ്ലോഗിൽ വെവ്വേറെ തിരയുവാൻ കഴിയുന്ന വിധം പോസ്റ്റ് ചെയ്തിരിക്കുന്നു.

***ഗോസ്പൽ ട്രൂത്തിന്റെ അടുത്ത ലക്കത്തിന്റെ നോട്ടിഫിക്കേഷൻ ലഭിക്കുന്നതിനും നിങ്ങളുടെ INBOX ൽ നേരിട്ട് എത്തുന്നതിനും വെബ്സൈറ്റിൽ സൈൻ അപ് ചെയ്യുക!***

## ഗൂഗിൾ പ്ലേസ്റ്റോറിൽ നിന്ന്
## ആപ്പ് ഡൗൺലോഡ് ചെയ്യുക.

**ആൻഡ്രോയിഡ് ഉപഭോക്താക്കൾക്ക് ഗോസ്പൽ ട്രൂത്ത് ആപ്പ് ലഭ്യമാണ്. ലക്കങ്ങൾ, വിഷയവും കീവേർഡും ഉപയോഗിച്ച് തിരയാവുന്നതാണ്.**

**ഒരു സ്പാനിഷ് പതിപ്പിന്റെ വികസനം നടന്നുകൊണ്ടിരിക്കുന്നു.**




ആത്മീയ അഭിവൃദ്ധിയും ദൈവമക്കളുടെ ആത്മീയ വളർച്ചയും ലക്ഷ്യമാക്കി കൊണ്ട്, ദൈവസഭയുടെ ഉപദേശ സത്യങ്ങൾ ത്രൈമാസങ്ങളിൽ പുറത്തിറക്കുന്ന ഒരു പ്രസിദ്ധീകരണമാണ് ഗോസ്പൽ ട്രൂത്ത്. www. thegospeltruth.org എന്ന വെബ്സൈറ്റ് മുഖേനയും ഇ- മെയിൽ വഴിയായും ആനുകാലിക ആത്മീയ സന്ദേശങ്ങൾ ലഭ്യമാണ്. ഗോസ്പൽട്രൂത്ത് മിക്കരാജ്യങ്ങളിലും പ്രദേശിക ഭാഷകളിൽ ഇന്ന് ലഭിക്കുന്നുണ്ട്. അനേകരുടെ സ്വമേധാദാനങ്ങൾ മുഖാന്തരമാണിത് സാധിക്കുന്നത്. മുഖപേജിലുള്ള ചിത്രങ്ങൾ അനുവാദപ്രകാരം കൊടുത്തിട്ടുള്ളതുമാകുന്നു.

എന്ന് എഡിറ്റർ,
മൈക്കിൾ ഡബ്ല്യൂ. സ്മിത്ത്

# പത്രാധിപലേഖനം



*കർത്താവിന്റെ വചനം ആ നാട്ടിൽ എങ്ങും വ്യാപിച്ചു- അപ്പോ.പവൃത്തികൾ 13:49.*

യേശുക്രിസ്തുവിന്റെ ലളിതമായ സുവിശേഷം ലോകത്തിന്റെ എല്ലാ പ്രദേശങ്ങളിലും വ്യാപിക്കണമെന്നായിരുന്നു അന്നും ഇന്നും ഞങ്ങളുടെ ആഗ്രഹവും പ്രാർത്ഥനയും. മതവും ജനങ്ങളുടെ സംഘടനകളും ആഗ്രഹിക്കുന്ന ആത്മാവിനെ ഒരിക്കലും തൃപ്തിപ്പെടുത്തുകയില്ല. ദൈവവചനത്തിലെ കലർപ്പില്ലാത്തതും ശുദ്ധമായ പഠിപ്പിക്കലുകളും ഉപദേശങ്ങളും കേൾക്കുവാനും വായിക്കുവാനും ആളുകൾക്ക് വലിയ ആവശ്യകതയുണ്ട്.

കർത്താവിനോടുള്ള വലിയ നന്ദിയോടെയാണ് ഗോസ്പൽ ട്രൂത്തിന്റെ പത്തു വർഷം ആഘോഷിക്കുന്നത്. ഇതു വളരെ അപൂർവ്വമായി മാത്രമേ സൗകര്യപ്രദമോ എളുപ്പമോ ആയിട്ടുള്ളൂ. എന്നാൽ ദൈവത്തിന്റെ പ്രവർത്തി സൗകര്യത്തെക്കുറിച്ചല്ല, അത് എന്തു വിലകൊടുത്തും ദൈവവിളിക്ക് ഉത്തരം നല്കുകയും അവന്റെ ഇഷ്ടം നിറവേറ്റുകയും ചെയ്യുക എന്നുള്ളതാകുന്നു. മിഷൻ ഫീൽഡിൽ ശുശ്രൂഷകന്മാരുമായി പങ്കുവയ്ക്കുവാൻ ഒരു പത്രത്തിന്റെ ആവശ്യകത 25 വർഷങ്ങൾക്ക് മുമ്പ് ഉണ്ടായത് ഞാൻ നന്നായി ഓർക്കുന്നു. അനേകം വർഷങ്ങൾക്കുശേഷം ഈ ശുശ്രൂഷ ആരംഭിക്കുവാൻ കർത്താവിനാൽ ഞങ്ങൾ ബാധ്യസ്ഥരായി.

2012 ജൂലൈയിലെ ആദ്യ ഗോസ്പൽ ട്രൂത്തിന്റെ എഡിറ്റോറിയലിൽ നിന്നുള്ള ഒരു ഉദ്ധരണി ഇതാ:

> “ലോകമെമ്പാടുമുള്ള നിരവധി വർഷത്തെ ശുശ്രൂഷയിലൂടെ വചനത്തിന്റെ സത്യത്തിൽ തദ്ദേശീയ ശുശ്രൂഷകൾ സ്ഥാപിക്കുവാൻ സഹായിക്കേണ്ടതിന്റെ ആവശ്യം ഞാൻ തിരിച്ചറിഞ്ഞു. ഇതു പിന്തുടരുന്നവരെ നേടുന്നതിനോ ആരെങ്കിലും ഒരു ഗ്രൂപ്പിൽ ചേരുന്നതിനോ അല്ല, അതു അളുകളെ അവരുടെ പ്രദേശത്തു സഭയായിരിക്കുവാൻ പഠിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിനാണ്. ആളുകൾ സത്യത്തിൽ നടക്കുകയും ആത്മാവിനാൽ നയിക്കപ്പെടുകയും ചെയ്യുമ്പോൾ ഐക്യം ഉടലെടുക്കുന്നു. സത്യത്തിൽ ഉറച്ചു നിൽക്കുവാൻ സത്യസന്ധമായ ഹൃദയങ്ങളെ സഹായിക്കുവാൻ കഴിയുന്ന അടിസ്ഥാനപരവും തിരുവെഴുത്തുപരവുമായ ചില സത്യങ്ങൾ മിഷൻ ഫീൽഡിലുള്ള ശുശ്രൂഷകന്മാർക്ക് ഈ പേപ്പറിന്റെ ചില ഭാഗങ്ങൾ പങ്കു വച്ചു നല്കുവാൻ ഭാര്യയുടെയും ആഗ്രഹമായിരുന്നു”.

കഴിഞ്ഞ പത്തു വർഷമായി ഗോസ്പൽ ട്രൂത്ത് ത്രൈമാസമായി പ്രസിദ്ധീകരിച്ചുവരുന്നു. ഈ ശുശ്രൂഷയ്ക്ക് അത്ഭുതകരമായ സഹായികളെയും സന്നദ്ധ പ്രവർത്തകരെയും നല്കുവാൻ ദൈവം വിശ്വസ്തനായിരുന്നു. അവരുടെ പരിശ്രമം കൊണ്ട് മാത്രമാണ് ഈ ശുശ്രൂഷയ്ക്ക് പ്രാദേശികമായും വിദേശത്തും വളരുവാനും കൂടുതൽ ആളുകളിലേക്ക് എത്തുവാനും കഴിഞ്ഞത്. പ്രാർത്ഥനയും സാമ്പത്തികവും നൽകി ഗോസ്പൽ ട്രൂത്ത് പ്രസിദ്ധീകരണത്തെ പിന്തുണച്ചവരോട് ഞങ്ങൾ നന്ദിയുള്ളവരാണ്.

പ്രസിദ്ധീകരണത്തിന്റെ അടുത്ത ദശകത്തിലേക്ക് ഞങ്ങൾ മുന്നേറുമ്പോൾ കൂടുതൽ പ്രചോദനത്തിനും അഭിഷേകത്തിനുംവേണ്ടി നിങ്ങളുടെ പ്രാർത്ഥനകൾ ഞങ്ങൾ ആഗ്രഹിക്കുന്നു. ക്രിസ്തു എല്ലാവരിലും എല്ലാ ശ്രമങ്ങളിലും അവന്റെ രാജ്യം കേന്ദ്രീകൃതവുമായിരിക്കട്ടെ. കർത്താവ് കൂടുതൽ വാതിലുകൾ തുറക്കുകയും വിശക്കുന്ന ആത്മാക്കൾക്ക് സത്യം പങ്കിടുകയും ചെയ്യട്ടെ.

നന്ദി നിറഞ്ഞ ഹൃദയത്തോടെ

മൈക്കിൾ ഡബ്ല്യു സ്മിത്ത്

**വരിക്കാരൻ ആകുന്നതിനും മുൻലക്കങ്ങൾ വീക്ഷിക്കുന്നതിനും സന്ദർശിക്കുക**

**www.thegospeltruth.org**

# യാത്രയ്ക്കുള്ള കൂട്ടാളി

കഴിഞ്ഞ അഞ്ചു വർഷമായി ഇന്ത്യയിലുടനീളവും, വിശാലമായ ഏഷ്യ-പസഫിക് മേഖലകളിലുമുള്ള തമിഴ് സംസാരിക്കുന്ന ആളുകൾക്കിടയിൽ സുവിശേഷത്തിന്റെ ഉന്നമനത്തിന് ഗോസ്പൽ ട്രൂത്ത് മഹത്തായ അനുഗ്രഹമാണ്. ഒരു പ്രേക്ഷിത യാത്രയിൽ എത്തിച്ചേരുവാനാ കുമായിരുന്നതിനേക്കാൾ കൂടുതൽ ആത്മാക്കളിലേക്ക് എത്തിച്ചേരുവാനുള്ള ഒരു മാർഗ്ഗം ഗോസ്പൽ ട്രൂത്ത് പ്രദാനം ചെയ്തു. ക്രിസ്തുമതത്തോട് ഏറെക്കുറെ ശത്രുതയുള്ള ഒരു പ്രദേശത്തു കൂടുതൽ നിരുപദ്രവകരവും വർഷം മുഴുവനുമുള്ള സുവിശേഷ സന്ദേശ വാഹകനുമാണ് ഗോസ്പൽ ട്രൂത്ത്. അങ്ങനെയാണ് തമിഴ് പ്രസിദ്ധീകരണ പ്രവർത്തനം ആരംഭിച്ചത്. ആദ്യം 500 കോപ്പികളിൽ തുടങ്ങി പിന്നീട് പതിയെ പതിയെ ആയിരം, രണ്ടായിരം ഇപ്പോൾ മൂവായിരത്തി അഞ്ഞൂറ് കോപ്പികൾ എന്ന നിലയിലേക്ക് വളർന്നു. കോപ്പികൾ കിട്ടിയതോ വായിച്ചു കേട്ടവരോ ആയ മറ്റുള്ളവരിൽ നിന്ന് കത്തുകളും ഫോൺ വിളികളും വരുവാൻ തുടങ്ങി. ഗോസ്പൽ ട്രൂത്ത് അന്നു മുതൽ ഇന്നയോളം ഏതാണ്ട് എഴുപത്തയ്യായിരം തമിഴ് കോപ്പികൾ വിതരണം ചെയ്തിട്ടുണ്ട്.

മിഷൻ ഫീൽഡിൽ ഈ പേപ്പറുകളിലൂടെ നട്ടുപിടിപ്പിച്ച സുവിശേഷ വിത്തുകളുടെ ഫലത്തിന് ഞാൻ സാക്ഷ്യം വഹിച്ചിട്ടുണ്ട്. കൂടാതെ നമുക്ക് നേരിട്ട് വർഷം മുഴുവൻ അവിടെ ഈ വിത്തുകൾക്കൊപ്പം ഉണ്ടാകുവാൻകഴിയുമോ ഇല്ലയോ എന്നതിനെക്കാൾ ഉപരി കർത്താവിന് പ്രവർത്തിക്കുവാൻ കഴിയും എന്ന് ഓർക്കുമ്പോൾ നന്ദിയുണ്ട്. ഞാൻ മിഷൻ ഫീൽഡിൽ ആയിരിക്കുമ്പോൾ ഉയർന്നുവരുന്ന വിവിധ ഹൃദയങ്ങളിൽ ബൈബിൾ ഉപദേശങ്ങൾ പഠിപ്പിക്കുന്നതിന് ഡീജിറ്റൽ ആർക്കൈവുകൾ സഹായകമായ ഒരു റഫറൻസ് ആണ്. നിങ്ങളിലുള്ള നിങ്ങളുടെ പ്രത്യാശയെക്കുറിച്ച് ന്യായം ചോദിക്കുന്ന ഏവരോടും സൗമ്യതയോടും ഭയഭക്തിയും പൂണ്ട് പ്രതിവാദം പറയുവാൻ നങ്ങൾ എല്ലായ്പ്പോഴും ഒരുങ്ങിയിരിക്കുകയും (1 പത്രോസ് 3:15) ഗോസ്പൽ ട്രൂത്ത് നല്ല ഒരു സഹയാത്രികനായി കാണുകയും ചെയ്യുക.

-ബ്രദർ ക്ലിന്റ് ഡുലിറ്റിൽ

# ഗോസ്പൽ ട്രൂത്ത് ആർക്കൈവ്സ്

**ഗോസ്പൽ ട്രൂത്തിന്റെ ഇതുവരെയുള്ള എല്ലാ ലക്കങ്ങളും www.thegospeltruth.org ലഭ്യമാണ്. നിലവിൽ ഏഴു ഭാഷകളിലും ലഭ്യമാണ്.**




1. സുവിശേഷം, സത്യം, ആത്മാർത്ഥത
2. രക്ഷ, പാപം
3. സ്നേഹബന്ധം
4. ദൈവരാജ്യം
5. ഭാവികാലശാസ്ത്രം - ക്രിസ്തുവിന്റെ രണ്ടാം വരവ്, അന്ത്യകാലം
6. ദൈവസഭ
7. സ്വാധീനശക്തി, ടെലിവിഷൻ, ഇന്റർനെറ്റ്
8. പരിശുദ്ധാത്മ നിറവ്
9. ഗ്ലോസ്സോലേലിയ - അന്യഭാഷാ ഭാഷണം
10. ജല സ്നാനം
11. പാദശുശ്രൂഷയുടെ അനുഷ്ഠാനം ; താഴ്മ
12. ക്രിസ്തുവിന്റെ ക്രൂശുമരണം : തിരുവത്താഴം
13. സ്വയ നീതീകരണം
14. വിവാഹ മോചനവും പുനർവിവാഹവും
15. അനുകമ്പയുടെ പ്രവർത്തികൾ
16. ബാഹ്യമായ കാഴ്ചപ്പാട് - ക്രിസ്തീയ വസ്ത്രം
17. ദൈവീക ശുശ്രൂഷ
18. രണ്ട് ഉടമ്പടികൾ
19. ബൈബിൾ അധിഷ്ഠിത ദശാംശവും ദാനവും
20. ശബ്ബത്തും, കർത്തൃ ദിവസവും
21. ആരാധനയിൽ സംഗീതം
22. ത്രിയേക ദൈവം
23. ആത്മീയ സ്വയപരിശോധന
24. ദൈവീക രോഗശാന്തി
25. ഉപവാസം
26. വചനാധിഷ്ഠിത പ്രതിരോധമില്ലായ്മ/പട്ടാള സേവനം
27. സാമ്പത്തിക കാര്യനിർവ്വഹനം
28. നിത്യ ഭദ്രത
29. ഒന്നും രണ്ടും മരണവും പുനരുദ്ധാനവും
30. സ്തുതി
31. പ്രാർത്ഥന
32. കോവിഡ് - 19 (പ്രത്യേക പതിപ്പ്)
33. ശുശ്രൂഷകന്മാരുടെമേൽ കൈവയ്പ്പ്
34. ഢീക്കന്റെ പ്രവർത്തിമണ്ഡലം
35. ഈ ലോകത്തിന്റേതല്ല
36. പ്രതിസന്ധികളുടെ നടുവിൽ
37. ഉപമകളുടെ ശക്തി
38. ബൈബിൾപരമായ മാനസാന്തരം
39. സത്യസന്ധത
40. ദൈവഹിതം എങ്ങനെ അറിയാം



ഇംഗ്ലീഷ് | സ്പാനിഷ് | ജർമ്മൻ | തമിഴ് | ചിച്ചേവ | സ്വാഹിലി | മലയാളം

# പിന്നണിയിൽ

## ഗോസ്പൽ ട്രൂത്ത് പബ്ലിഷിംഗ് ടീം



ഗോസ്പൽ ട്രൂത്ത് പബ്ലിഷിംഗ് ടീമിന്റെ ത്യാഗത്തിനും നിരവധി വർഷത്തെ സേവനത്തിനും പ്രത്യേകം നന്ദി. സ്വന്തം ഭാഷയിൽ സുവിശേഷ സന്ദേശങ്ങൾ വായിക്കുന്നതുപോലെ മറ്റൊന്നില്ല. വെബ്സൈറ്റ് ആർക്കൈവുകൾ പ്രതിനിധീകരിക്കുന്നത് അർപ്പണബോധമുള്ള പ്രവർത്തകരുടെ വർഷങ്ങളുടെ അദ്ധ്വാനത്തെയാണ്. ഇംഗ്ലീഷ് പതിപ്പ് പ്രസിദ്ധീകരിച്ചതിനുശേഷം ഞങ്ങളുടെ വിവർത്തകന്മാരും പ്രിന്റർമാരും പുതിയ പതിപ്പ് ലോകമെമ്പാടും വിതരണത്തിനായി തയ്യാറാക്കുന്നു. വിവിധ രാജ്യങ്ങളിൽ ലോക്കൽ പ്രിന്റ് ഷോപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ആയിരക്കണക്കിന് ലക്കങ്ങൾ അച്ചടിക്കുകയും ആഗോളതലത്തിൽ മീറ്റിംഗുകളിലും സുവിശേഷ പ്രചരണ വേലയിലും വിതരണം ചെയ്യുന്നു. പുതിയ ഭാഷകൾ ചേർക്കുന്നതിനുള്ള പതിവ് അഭ്യർത്ഥനകൾ ഞങ്ങൾക്ക് ലഭിക്കുന്നുണ്ട്. എന്നാൽ സമയം, ഫണ്ടുകൾ, തൊഴിലാളികൾ എന്നിവയിൽ നമുക്ക് പരിമിതികൾ ഉണ്ട്. ഞങ്ങളുടെ വിശ്വസ്തരായ പ്രവർത്തകർക്ക് ഞങ്ങൾ ദൈവത്തിനു നന്ദി പറയുന്നു.



Michael Smith
ചീഫ് എഡിറ്റർ



René Smith
ഡിസൈനിംഗ് എഡിറ്റർ / പരിഭാഷക കോഓർഡിനേറ്റർ (യു. എസ്. എ)



Aubrey Sorrell
വിദേശ രൂപരേഖ (യു. എസ്. എ)



Julie Elwell
പ്രൂഫ് റീഡർ (യു. എസ്. എ)



Janet McMurrin
പ്രൂഫ് റീഡർ (യു. എസ്. എ)



Lenée Sorrell
വെബ്സൈറ്റ് (യു. എസ്. എ)



Irma Sallee
പ്രൂഫ് റീഡർ (യു. എസ്. എ)



Damon Sallee
ആപ്പ് ഡെവലപ്പർ (യു. എസ്. എ)



Vanessa Smith
മെയിലിങ് (യു. എസ്. എ)



Tricia Bell
സ്പാനിഷ് പരിഭാഷക (യു. എസ്. എ)



Adrian Glezs
സ്പാനിഷ് പ്രൂഫ് റീഡർ (മെക്സിക്കോ)



Ariel Perez
സ്പാനിഷ് പ്രൂഫ് റീഡർ (മെക്സിക്കോ)



Ludwig Laukert
ജർമ്മൻ പരിഭാഷകൻ (ജർമ്മനി)



Barth Nwachukwu
പ്രിന്റർ (നൈജീരിയ)



W. S. Vedha
തമിഴ് എഡിറ്റർ / പ്രൂഫ് റീഡർ (ഇന്ത്യ)



V. J. Gnanarajan
തമിഴ് പബ്ലിഷർ / പരിഭാഷകൻ (ഇന്ത്യ)



V. Selvam
തമിഴ് മെയിലിങ് (ഇന്ത്യ)



V. J. Sam Kirubaharan
തമിഴ് പോസ്റ്റിംഗ് (ഇന്ത്യ)



Stephen Mwangi
സ്വാഹിലി പരിഭാഷകൻ (കെനിയ ബൈബിൾ സൊസൈറ്റി)



Alice Ahuga
സ്വാഹിലി പ്രിന്റർ (കെനിയ)



Falistani Kansilanga
ചിച്ചേവ പരിഭാഷകൻ / പ്രിന്റർ (മാലവി ബൈബിൾ സൊസൈറ്റി)



Matthew Joseph
മലയാളം എഡിറ്റർ / പ്രൂഫ് റീഡർ (ഇന്ത്യ)



Baby Matthew
അസ്സി. എഡിറ്റർ / മലയാളം പരിഭാഷകൻ (ഇന്ത്യ)



Biju J. Varghese
മലയാളം പബ്ലിഷർ / കോഓർഡിനേറ്റർ (ഇന്ത്യ)

# ദൈവത്തിന്റെ വിശ്വസ്തതയുടെ 10 വർഷങ്ങൾ

ഞങ്ങൾ ഡയിനിംഗ് ടേബിളിൽ ഒരു ചെറിയ പ്രിന്ററിൽ ശ്രദ്ധാപൂർവ്വം നിരീക്ഷിച്ച് 12 മണിക്കൂർ കൊണ്ടാണ് അച്ചടി ആരംഭിച്ചത്.












“കർത്താവ് ആജ്ഞകൊടുക്കുന്നു, സുവാർത്താദൂതികൾ വലിയൊരു ഗണമാകുന്നു”. സങ്കീർ 68:11
























# ജന്മദിന ആശംസകൾ ഗോസ്പൽ ട്രൂത്ത് !



“കഴിഞ്ഞ പത്തു വർഷമായി ഈ ഗോസ്പൽ ട്രൂത്ത് പ്രസിദ്ധീകരണം നിലനിർത്തിയതിന് ദൈവത്തിനു നന്ദി പറയേണ്ടതാണ്. തുടക്കം മുതൽ അത് പഠനങ്ങൾക്കും സുവിശേഷ പ്രവർത്തനങ്ങൾക്കുമായി ഉപകരിക്കുന്നതിൽ പ്രിയപ്പെട്ടതാണ്. വിതരണം ചെയ്യുവാൻ ഒരു കോപ്പി ബാക്കി വന്നാൽ നമ്മുടെ സുവിശേഷ പ്രവർത്തനം പൂർണ്ണമാകാത്തതുപോലെ തോന്നാം. എന്നാൽ എല്ലാത്തിനുപരിയായി തുടർച്ചയായ പ്രസിദ്ധീകരണത്തിന് കൃപ മതി”.

ചിൻവെൻണ്ടു നവാചുക്വു, നൈജീരിയ

“ജന്മദിന ആശംസകൾ ഗോസ്പൽ ട്രൂത്ത്”! ഇതിലൂടെ ഇന്റർനെറ്റ് ഇല്ലാത്ത വിദൂര പ്രദേശങ്ങളിലുള്ള നിരവധി ആളുകളിലേയ്ക്കും എത്തുവാൻ കഴിഞ്ഞിട്ടുണ്ട്. ഗോസ്പൽ ട്രൂത്ത് പൂർണ്ണവും വിശദവുമായ വാക്യങ്ങളോടെ 5000 മുതൽ 7000 വരെ ആളുകളിലേയ്ക്ക് എത്തിച്ചേരുവാൻ ഞങ്ങളെ സഹായിക്കുന്നു.

“ചർച്ച് ഓഫ് ഗോഡ് നിലവാരത്തിൽ കൂടുതൽ സത്യം മനസ്സിലാക്കുവാൻ പലർക്കും ഒതുങ്ങുന്നു. ഗോസിപൽ ട്രൂത്ത് സമുദ്രങ്ങൾക്കപ്പുറത്തേയ്ക്കും അതിരുകൾക്കപ്പുറത്തേയ്ക്കും കൂടുതൽ വികസിക്കട്ടെ എന്ന് പ്രാർത്ഥിക്കുവാൻ നമുക്ക് കൈകോർക്കാം. ഗോസ്പൽ ട്രൂത്ത് നീണാൾ വാഴട്ടെ”

പീറ്റർ അക്വെയോന, കെനിയ

“ഗോസ്പൽ ട്രൂത്ത് പ്രസിദ്ധീകരണത്തിനുള്ള സാദ്ധ്യതയുണ്ടാക്കിയ ദൈവതതിന്റെ പദ്ധതിക്ക് നന്ദി പറയുന്നു. ബൈബിൾ വായിക്കുന്നതിനു പുറമെ ഈ വായനകളിലൂടെ ദൈവവചനങ്ങൾ വായിക്കുവാനും പിന്തുടരുവാനും ഞങ്ങൾ സമയം ചെലവഴിക്കുന്നു. കൂടാതെ വിവിധ മേഖലകളിലുള്ള എല്ലാവരോടും ആണിനോ പെണ്ണിനോ ബൈബിൾ ഉണ്ടോ എന്ന് കണക്കാക്കാതെ എത്തിച്ചേരുവാൻ ഗോസ്പൽ ട്രൂത്തിന് കഴിയുന്നു.

നമ്മുടെ ചർച്ച് ഓഫ് ഗോഡ് അംഗങ്ങൾ അല്ലാത്ത വ്യത്യസ്ത ആളുകളുടെ ഹൃദയങ്ങളെ പോലും മാറ്റാൻ ഗോസ്പൽ ട്രൂത്ത് സഹായിക്കുന്നു. ഇവിടെ മലാവിയിലും, മൊസാബിക്കിലും പ്രസിദ്ധീകരണം തുടങ്ങുവാൻ ഞങ്ങൾ ദൈവത്തോട് പ്രാർത്ഥിക്കുന്നു. ദൈവം അനുഗ്രഹിക്കട്ടെ”.

മാസ്റ്റർ ഗസ്റ്റർ, മലാവി

“നമ്മൾ വളരെ വേഗത്തിൽ 10-ാം വാർഷികത്തിൽ എത്തി. തുടക്കത്തിൽ ഞങ്ങൾ 500 കോപ്പികളിൽ തുടങ്ങി പിന്നീട് വിശുദ്ധന്മാരുടെ സഹായത്തോടെ കോപ്പികൾ 3500 ആയി വർദ്ധിപ്പിച്ചു. ഇത് ദൈവത്തിന്റെ അത്ഭുതകരമായ കൃപയാൽ മാത്രം”.
“പ്രത്യേകിച്ച് സഭാ ശുശ്രൂഷകന്മാർ ഞായറാഴ്ച ശുശ്രൂഷകളിൽ പ്രസംഗിക്കുവാൻ ഗോസ്പൽ ട്രൂത്ത് ഉപയോഗിക്കുന്നു. ശുശ്രൂഷകൻ സന്ദേശം വായിക്കുമ്പോൾ അത് സഭയിൽ വ്യാപിക്കുന്നു. അങ്ങനെ ശുശ്രൂഷകൻ മുഖാന്തരം അത് എല്ലാ വിശ്വാസികളിലേയ്ക്കും എത്തിച്ചേരുന്നു. മിക്കവാറും ഞങ്ങൾ ഇന്ത്യയിലെ എല്ലാ ശുശ്രൂഷകന്മാർക്കിടയിലും ഗോസ്പൽ ട്രൂത്ത് വിതരണവും ചെയ്യുന്നു”.
“ഇന്ത്യയിലെ തമിഴ് ജനതയ്ക്കിടയിൽ ഞങ്ങൾ വിതരണം ചെയ്യുക മാത്രമല്ല, തമിഴി ആളുകൾ ലോകത്ത് എവിടെയെല്ലാം താമസിക്കുന്നുവോ അവിടെയെല്ലാം ഞങ്ങൾ അയയ്ക്കുകയും ചെയ്യുന്നു. പുരോഗമനപരമായ പുരോഗതിക്കായി ലോകമെമ്പാടുമുള്ള കൂടുതൽ ആളുകൾക്ക് സുവിശേഷം പ്രചരിപ്പിക്കുന്നതിന് പകർപ്പുകൾ വർദ്ധിക്കുവാൻ പ്രാർത്ഥിക്കുക”.

W. S വേദ, (തമിഴ് എഡിറ്റർ) ഇന്ത്യ.

“ഗോസ്പൽ ട്രൂത്ത് പ്രസിദ്ധീകരണത്തിന് ദൈവത്തിനുള്ള നന്ദി പ്രകടിപ്പിക്കുവാൻ എനിക്ക് വാക്കുകളില്ല. പ്രസിദ്ധീകരണത്തിന്റെ തുടക്കം മുതൽ ഒരിക്കലായി വിശുദ്ധന്മാർക്ക് പൂർണ്ണമായി കൈമാറിയ സത്യങ്ങളെ, ഏകീകരിക്കുന്നതിനായി ഞാൻ ഇതിനെ കാണുന്നു. ഉദാഹരണത്തിന് ഒരു വിഷയത്തിൽ മിനിറ്റുകൾക്കുള്ളിൽ ഒരു നല്ല ഗ്രാഹ്യത്താൽ അതിൽ അടങ്ങിയിരിക്കുന്ന മുഴുവൻ സത്യവും മനസ്സിലാക്കുവാൻ കഴിയും”.

“ഈ രീതിയിൽ ഇത് ബൈബിൾ പഠിപ്പിക്കുന്നതിനെക്കുറിച്ചുള്ള എളുപ്പവും സൗകര്യപ്രദവുമായ ഒരു റഫറൻസ് മാത്രമല്ല അത് അച്ചടിക്കുമ്പോൾ ചർച്ച് ഓഫ് ഗോഡ് സഭകൾക്ക് വിതരണം ചെയ്യുന്നതിനു പുറമെ സഭയിലെ ഓരോ അംഗങ്ങൾക്കും അതിന്റെ കോപ്പി ഉറപ്പാക്കുവാൻ ഞങ്ങൾ ശ്രദ്ധിക്കുകയും, ഇതു പ്രധാനമായും എല്ലാ സുവിശേഷ പ്രവർത്തനങ്ങളിലും ഉപയോഗിക്കുകയും ചെയ്യുന്നു. ഞങ്ങൾ സമ്പർക്കം പുലർത്തുന്നവർക്ക് അത് വീട്ടിൽ എത്തിക്കും. വീട്ടിൽ നിന്ന് വീട്ടിലേയ്ക്കും, തെരുവിൽ നിന്ന് തെരുവിലേയ്ക്കും സുവിശേഷം ദൂരെ വ്യാപകമായി പ്രചരിപ്പിക്കുന്നതിന് ഇതു ഒരു ഉപാധിയാണ്. കഴിഞ്ഞ വാരാന്ത്യത്തിൽ റിവേഴ്സ് സ്റ്റേറ്റിലെ തോന്നിയ പ്രദേശം സുവിശേഷ പ്രവർത്തനത്തിന് ഞങ്ങൾ ഉപയോഗിച്ചത് ഗോസ്പൽ ട്രൂത്താണ്.

ഞങ്ങൾ സൺഡേ സ്കൂൾ, ബൈബിൾ പഠനങ്ങൾ, ശവസംസ്കാര ചടങ്ങുകൾ, വിവാഹങ്ങൾ, മുതലായവയിലും ഇത് ധാരാളമായി ഉപയോഗിക്കാറുണ്ട്. പണ്ട് ഞാൻ നിങ്ങളോട് സൂചിപ്പിച്ചതുപോലെ ഗോസ്പൽ ട്രൂത്ത് മാസികയുടെ ബൈന്റഡ് വാല്യങ്ങൾ ഞാൻ 5 ശുശ്രൂഷകന്മാർക്ക് അയച്ചു കൊടുക്കുവാൻ ആരംഭിച്ചതു ദൈവം അനുവദിക്കുന്നതിനനുസരിച്ച് തുടരും. ഈ അഗ്നി കെടാതെ തുടർന്നും കത്തിപ്പടരുവാൻ ഉത്സാഹിക്കാം.

ബ്രദർ. ബാർത്ത് സി. എൻ., നൈജീരിയ

Printed matter only

**MALAYALAM EDITION**

**നിങ്ങൾക്ക് അറിയാമോ?**

ലോകത്ത് ആളുകളുടെ 17,400 ഗ്രൂപ്പുകൾ ഉണ്ട്. അവരിൽ 42.1% പേർക്കും സുവിശേഷം ലഭ്യമല്ല. ഇന്ത്യ, പാകിസ്ഥാൻ, ചൈന എന്നിവയാണ് സുവിശേഷം എത്തിച്ചേരാത്ത ഏറ്റവും കൂടുതൽ ആളുകളുടെ ഗ്രൂപ്പുകൾ. ചരിത്രത്തിലെ മറ്റേതൊരു കാലത്തെക്കാളും ക്രിസ്തുവിനെ അറിയാത്ത കൂടുതൽ ആളുകൾ ഇന്ന് നജീവിച്ചിരിപ്പുണ്ട്.

അവലംബം – ജോഷ്വാ പ്രോജക്റ്റ് 2022

തക്കസമയത്ത് പറഞ്ഞ വാക്ക്

# ഭൂതകാലത്തിൽ നിന്നുള്ള ഉദ്ധരണികൾ

“യേശുക്രിസ്തുവിന്റെ ശക്തിയാൽ ആരെങ്കിലും യഥാർത്ഥത്തിൽ രക്ഷിക്കപ്പെടുമ്പോൾ ഒരു അത്ഭുതകരമായ മാറ്റം ഉണ്ട്. ഒരു ക്രിസ്ത്യാനിക്ക് യേശുക്രിസ്തുവിന്റെ ശിഷ്യന്, അവന്റെ മാതൃക പിന്തുടരുകയും പാപം ചെയ്യാതെ ജീവിക്കുകയും ചെയ്യാം. (1 പത്രോസ് 2:21–22). മതലോകത്ത് പലരും ഈ ലളിതമായ സത്യത്തെ അനീതിക്ക് ഒഴികഴിവ് നില്ക്കുവാനായി വെള്ളം ചേർത്തിട്ടുണ്ട്”.

*ലക്കം 2, രക്ഷ, പാപം*



“പരിശുദ്ധാത്മാവിന്റെ നിറവ് വിശ്വാസത്തിന്റെ ഒരു പ്രവർത്തിയാണ്. അത് എല്ലായ്പ്പോഴും വലിയ പ്രകടത്തിലൂടെയോ വികാരത്തിലൂടെയോ വരുന്നില്ല”. “വിശുദ്ധ ജീവിതം നയിക്കുവാനുള്ള കഴിവും ശക്തിയുമാണ് പരിശുദ്ധാത്മാവിന്റെ യഥാർത്ഥ തെളിവ്”.

*ലക്കം. 8, പരശുദ്ധാത്മ നിറവ്.*

“അത്ഭുതകരമായും സാക്ഷ്യങ്ങളിലൂടെയും പാട്ടുകളിലൂടെയും ദൈവത്തെ സ്തുതിക്കുന്നത് ദൈവസന്നിധിയിലേക്കുള്ള കവാടങ്ങൾ തുറക്കുന്നു. കാരണം ദൈവം സ്തുതികളിന്മേൽ വസിക്കുന്നു”.

*ലക്കം. 30, സ്തുതി.*

“സ്വഭാവത്തിൽ മരണത്തിന്റെ ശാപം രണ്ടുണ്ട്. ആത്മീകവും ശാരീരികവും”. “യേശുക്രിസ്തുവിൽ ചുമതലപ്പെട്ട പാപത്തിന്റെ ശിക്ഷ ആത്മീയ മരണത്തിൽ നിന്ന് മോചനം നൽകി”.

*ലക്കം. 29, ഒന്നും രണ്ടും മരണവും പുനരുത്ഥാനവും.*

”ദൈവത്തിന്റെ കാര്യസ്ഥൻ എന്ന നിലയിൽ നമ്മുടെ ധനകാര്യങ്ങൾ ആത്മീയ കാര്യത്തിൽ എന്ന പോലെ അതേ ശ്രദ്ധയോടും വിശ്വസ്തതയോടും കൂടി നിയന്ത്രിക്കുകയും കൈകാര്യം ചെയ്യുകയും വേണം”. *ലക്കം 27, സമ്പത്ത്*

“ദൈവനിയോഗത്താൽ ജഡിക ലോകത്തിലെ ഗവൺമെന്റും, കൃപയുടെ കീഴിൽ ജീവിക്കുന്ന ദൈവമക്കളുടെ ആവശ്യങ്ങളും ദൈവം നിയോഗിക്കുന്ന ഉത്തരവാദിത്വവും തമ്മിൽ വ്യക്തമായ വിഭജനമുണ്ട്”. *ലക്കം 26, വചനാധിഷ്ഠിത പ്രതിരോധമില്ലായ്മ*

“ദൈവഭയത്താലുള്ള ആത്മപരിശോധനയില്ലെങ്കിൽ ഒരുവൻ വ്യാമോഹത്തിന് ഇരയാകുന്നു. വചനം കേട്ടാൽ മാത്രം പോരാ, അത് ആചരിക്കുന്നവരായുമിരിക്കണം അല്ലെങ്കിൽ നാം വഞ്ചിക്കപ്പെടും”.

*ലക്കം 23, ആത്മീയ സ്വയപരിശോധന*

“പുതിയ നിയമകാലഘട്ടിത്തിലെ യഥാർത്ഥ ക്രിസ്ത്യൻ ശബ്ബത്ത് ആഴ്ചയിലെ എല്ലാ ദിവസവും സമാധാനവും, വിശ്രമവും ആത്മീയ ആരാധനയും വിശുദ്ധ ജീവിതവും എന്നിവയുടേതാണ്. എല്ലാ ദിവസവും പവിത്രമാണ്. യേശുക്രിസ്തുവിലൂടെ പാപത്തിൽ നിന്നുള്ള വിടുതലിന്റെ ഭക്തിയ്ക്കും സ്മരണക്കും വേണ്ടി നീക്കിവച്ചിരിക്കുന്നു”.

*ലക്കം 20, ശബ്ബത്ത്*

“മറ്റു മേഖലകളിൽ അവന്റെ ഇഷ്ടം എന്ന് നമുക്ക് അറിയാവുന്ന കാര്യങ്ങൾ അനുസരിക്കുന്നില്ലെങ്കിൽ നമ്മുടെ ഇഷ്ടത്തിനനുസരിച്ച് ഓരോ മേഖലയിൽ ദൈവം തന്റെ ഉദ്ദേശം വെളിപ്പെടുത്തുമെന്ന് നമുക്ക് പ്രതീക്ഷിക്കുവാനാകില്ല”.

*ലക്കം 40, ദൈവഹിതം എങ്ങനെ അറിയാം.*

if Undelivered
Please return to:

**Contact:**
The Editor
Gospel Truth
Karickam P.O
Kottarakara
Kerala 691531
India

**ബന്ധപ്പെടുക**
പത്രാധിപർ
ഗോസ്പൽ ട്രൂത്ത്
കരിക്കം പി.ഒ.
കൊട്ടാരക്കര – 691531
കേരള.

ദൈവ നാമം മഹത്വപ്പെടട്ടെ.

Chief Editor **Michael W. Smith** | Malayalam Editor: **Mathew Joseph** | Asst. Editor **Baby Mathew** | Publisher: **Biju J. Varghese**